(ബി) .ഈ മലം ഡിപ്പോ അവിടെനിന്നും മാറ്റുന്നതു സംബന്ധിച്ചോ അല്ലെങ്കിൽ നാട്ടുകാക്കു ഉപദ്രവകരമല്ലാത്തവിധത്തിൽ ആവശ്യമായ സംരക്ഷണനടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ചോ ഗവണ്മെൻറ് ഇതിനകം എന്തെങ്കിലും ചെയ്തിട്ടുണ്ടോ ;

(സി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ടു് എത്ര നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു് ?

ഉത്തരം.

(എ) അല്ല.

(ബി) മലം ഡിപ്പോ നാട്ടുകാക്കു് ഉപദ്രവകരമല്ലാതാക്കിത്തീർക്കുന്നതു സംബന്ധിച്ചു ചില നിർദ്ദേശങ്ങൾ ആലപ്പുഴ മുനിസിപ്പാലിറ്റിക്കു നൽകിയിട്ടുണ്ടു്.

(സി) ഒന്നു്.

വെങ്കിടകൃഷ്ണൻ പദ്ധതി.

24. [9] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർ സി. പി. യുടെ കാലത്തു് ചീഫ് ഇൻജിനീയറായിരുന്ന ശ്രീ. വെങ്കിടകൃഷ്ണൻ, പെരിയാർ, പമ്പയാർ, മൂവാറ്റുപുഴയാർ, അച്ചൻകോവിലാറു്, കല്ലടയാറു് എന്നീ നദീതടങ്ങൾക്കു് മൊത്തമായി ഒരു വികസന പദ്ധതി തയ്യാറാക്കിയിരുന്നോ ; ആ പദ്ധതിയിലെ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം.

പെരിയാർ, മൂവാറ്റുപുഴയാർ, പമ്പയാർ, അച്ചൻകോവിലാറു്, കല്ലടയാർ എന്നീ നദീതടങ്ങൾക്കു് മൊത്തമായി ഒരു വികസനപദ്ധതിയും തയ്യാറാക്കിയിരുന്നതായി അറിവില്ല.

ആലുവാ ഫാക്ടറികളിൽ നിയമിക്കുന്ന ജോലിക്കാർ.

25. [11] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

ആലുവാ പരിസരങ്ങളിലുള്ള ഫാക്ടറികളിൽ തന്നാട്ടുകാക്കു ജോലി ലഭിക്കുന്നില്ലെന്ന പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ഉത്തരം.

ഉണ്ടു്. ഫാക്ടറികളിൽ ആവുന്നിടത്തോളം തന്നാട്ടുകാക്കുതന്നെ ജോലി കൊടുക്കുന്നുണ്ടെന്നാണു് ഗവണ്മെൻറ് ധരിച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly